**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2446** 08-05-2017 -ൽ മറുപടിക്ക്

**കടിവെള്ള വിതരണം ഉറപ്പാക്കുന്നതിന് മന്ത്രിമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സംവിധാനം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം**<br>**ശ്രീ. ഡി.കെ. മുരളി**<br>**ശ്രീ. കാരാട്ട് റസാഖ്**<br>**ശ്രീ. ആന്റണി ജോൺ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | അതിരൂക്ഷമായ വരൾച്ചയെ നേരിടാൻവേണ്ടി വിവിധ ജില്ലകളിലെ പാറമടകൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകൾ സർക്കാർ ഏറ്റെടുത്ത് ജലസംഭരണവും വിതരണവും നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | എ) | വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ചേർന്നിട്ടുള്ള വിഡിയോ കോൺഫറൻസിൽ രൂക്ഷമായ വരൾച്ചയെ തുടർന്ന് കുടിവെള്ളക്ഷാമം രൂക്ഷമാകുന്ന പക്ഷം ആവശ്യമെങ്കിൽ പാറമടകൾ ഉൾപ്പെടെയുള്ള സ്വകാര്യ ജലസ്രോതസ്സുകൾ ദുരന്ത നിവാരണ നിയമപ്രകാരം ഏറ്റെടുക്കുന്നതിന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർപേഴ്സൺ എന്ന നിലയിൽ രൂക്ഷമായ വരൾച്ചയെ പ്രതിരോധിക്കുന്നതിനായി ആവശ്യമെങ്കിൽ ഇപ്രകാരം സ്വകാര്യ ജലസ്രോതസുകളും ഏറ്റെടുക്കുന്നതിനുള്ള അധികാരം ജില്ലാകളക്ടർമാരിൽ നിക്ഷിപ്തമാണ്. നിലവിലുള്ള ജലസ്രോതസുകളിൽ ജല ലഭ്യത ഇല്ലാതാകുന്ന സാഹചര്യമുണ്ടായാൽ ദുരന്ത നിവാരണ നിയമ പ്രകാരം ഏറ്റെടുക്കുന്നതിനായി പാറമടകളും മറ്റു സ്വകാര്യ ജലസ്രോതസുകളും വിവിധ ജില്ലകളിൽ കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ജലത്തിന്റെ ഉപയോഗം ക്രമപ്പെടുത്തുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനും എല്ലാ ജില്ലകളിലും ഓരോ മന്ത്രിമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ? | ബി) | വിവിധ ജില്ലകളിൽ അതത് ജില്ലയുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ വരൾച്ചാ സ്ഥിതി അവലോകന — ഏകോപന യോഗങ്ങൾ ചേർന്നിട്ടുള്ളതും വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട ജനപ്രതിനിധികളെയും ജില്ലാതല ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി നടത്തിയിട്ടുള്ളതുമാണ്. കൂടാതെ ജലത്തിന്റെ ഉപയോഗം ക്രമപ്പെടുത്തുന്നതിനും ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനും കുടിവെള്ള വിതരണം ഉറപ്പാക്കുന്നതിനും അതുമായി ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ആവശ്യമായ ആസൂത്രണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ